I ഇ.ബി. XIV - കേരള നിയമസഭ /VII-10

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 22, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

26-09-2016-ലെ നക്ഷത്രചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 26-09-2016-ലെ നക്ഷത്ര ചിഹ്നമിടാത്ത 124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

മെഡിക്കൽ പ്രവേശനം സംബന്ധിച്ച അനിശ്ചിതാവസ്ഥ

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനവും ഫീസും സംബന്ധിച്ച് ഹൈക്കോടതിയും സുപ്രീംകോടതിയും നൽകിയ നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ ഗവൺമെന്റും പൊതുപ്രവേശന പരീക്ഷാ കമ്മീഷണറും പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ സ്വാശ്രയ മെഡിക്കൽ പ്രവേശനം സങ്കീർണ്ണമാക്കിയിരിക്കുകയാണ്. ഹൈക്കോടതി നടത്തിയ പരാമർശങ്ങളും മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള അനിശ്ചിതാവസ്ഥയുംമൂലം വിദ്യാർത്ഥികൾക്കുള്ളതായി പറയപ്പെടുന്ന അതിരൂക്ഷമായ ആശങ്കകളും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മറുപടി പറയാൻ ആരംഭിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസിനടുത്ത്

വന്നുനിന്നു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്. ആരോഗ്യ വകുപ്പുമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ലെന്ന കാര്യം കഴിഞ്ഞ തവണയും ഞങ്ങൾ ഉന്നയിച്ചിരുന്നു. ആരോഗ്യ വകുപ്പുമന്ത്രിയുടെ കെടുകാര്യസ്ഥത മൂലമാണ് ഈ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത്. സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ കടുത്ത വിമർശനമാണ് ഹൈക്കോടതി നടത്തിയിരിക്കുന്നത്. വിദ്യാർത്ഥികളെ ബാധിക്കുന്ന ഗുരുതരമായ ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയണം.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവിന്റെ ആവശ്യം അംഗീകരിക്കാൻ സാധിക്കില്ല. ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് സഭയിൽ മറുപടി പറയാനുള്ള ചുമതലയും അവകാശവുമുണ്ട്. ഗവൺമെന്റിനുവേണ്ടി മറുപടി പറയേണ്ടത് ആരാണെന്ന് നിർദ്ദേശിക്കാൻ ചെയറിന് അവകാശമില്ല.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ വർഷത്തെ മെഡിക്കൽ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 898 സീറ്റുകളിലും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. സ്പോട്ട് അലോട്ട്മെന്റിന്റെ ഭാഗമായി ആഗസ്റ്റ് 31-നുള്ളിൽ മുഴുവൻ സീറ്റുകളിലേയ്ക്കും അലോട്ട്മെന്റ് പൂർത്തിയാക്കുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അടിയന്തര പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

## III ശ്രദ്ധക്ഷണിക്കൽ

(1)കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: കൊച്ചിൻ ഷിപ്പ്‌യാർഡ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളെയും പ്രതിരോധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന രാജ്യത്തെ 13 പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. മരുന്നുകളും ആശുപത്രി ഉപകരണങ്ങളും ഉത്പാദിപ്പിച്ചുകൊണ്ട് ലാഭത്തിൽ പ്രവർത്തിക്കുന്ന എച്ച്.എൽ.എൽ.-നെയും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിനെയും സ്വതന്ത്ര സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്

ലിമിറ്റഡിനെയും സ്വകാര്യവത്കരിക്കാനുള്ള ശ്രമത്തിനെതിരെ ശക്തമായ നിലപാടാണ് കേരള ജനത സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും സർവ്വകക്ഷി സംഘത്തെ അയയ്ക്കുകയും ചെയ്യണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്വകാര്യവത്കരിക്കാനുമുള്ള നീക്കത്തിനെതിരെ കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആഗോളവൽക്കരണ നയങ്ങളുടെ ഫലമായി അടച്ചുപൂട്ടപ്പെടുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള ബദൽ നയങ്ങൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡ് സ്വകാര്യവൽക്കരിക്കുന്നത് തടയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേന്ദ്ര ഖനവ്യവസായ വകുപ്പിന് കീഴിൽ സ്വതന്ത്ര സ്ഥാപനമായി നിലനിർത്തണമെന്നും കടബാധ്യത തീർക്കുന്നതിനായി 100 കോടി രൂപ ഗ്രാന്റായോ വായ്പയായോ അനുവദിക്കണമെന്നുമാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ സാമ്പത്തിക പ്രതിസന്ധി

പരിഹരിക്കുന്നതിന് കമ്പനി ഭൂമി ബി.പി.സി.എൽ.-ന് പണയപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി എന്നിവയ്ക്ക് കമ്പനി നൽകേണ്ട കുടിശ്ശിക അടയ്ക്കുന്നതിന് സമയം അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്.

(2) സമഗ്ര കാർഷിക നയം

ഡോ. എൻ. ജയരാജ്: സംസ്ഥാനത്ത് ഒരു സമഗ്ര കാർഷിക നയം നടപ്പാക്കണം. കഴിഞ്ഞ സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിച്ച കാർഷിക വികസന നയം സംസ്ഥാനത്ത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. കാർഷിക മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഗവേഷണ വ്യാപന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സമഗ്ര കാർഷിക നയം ആവിഷ്കരിക്കണം. കർഷകർക്ക് ഉത്പന്നത്തിന്റെ ലാഭവിഹിതം ലഭ്യമാക്കുന്നതിനും കൃഷി ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനും കൃഷി ഭൂമിയെ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനെതിരെ നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിലനിർണ്ണയ അതോറിറ്റി രൂപീകരിക്കുന്നതിനും കൃഷി

സുരക്ഷാ നിയമം കൊണ്ടുവരുന്നതിനും കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനും കാർഷിക സെസ്സ് നടപ്പാക്കുന്നതിനും കർഷക ക്ഷേമ പെൻഷൻ നൽകാനും കർഷക ക്ഷേമ ബോർഡ് രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കാർഷിക മേഖലയെ ശക്തിപ്പെടുത്താനും യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കാനുമുള്ള കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ജൈവകൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടും ആധുനിക ശാസ്ത്രീയ കൃഷി രീതികൾ സമന്വയിപ്പിച്ചുകൊണ്ടും ഉല്പാദന വർദ്ധനവും മികച്ച വരുമാനവുമുറപ്പാക്കുന്ന പുതിയ കാർഷിക നയം രൂപപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. റബ്ബർ, കാപ്പി, തേയില ഉൾപ്പെടെയുള്ള മേഖലകളിൽനിന്നും കേന്ദ്ര ഗവൺമെന്റ് പിൻമാറുന്ന സാഹചര്യത്തിൽ ഫലപ്രദമായി ഇടപെടുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും കർഷകരുടെ യോഗം വിളിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷം മുതൽ നെൽവില കൃത്യമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഓണത്തിനുമുമ്പ് കർഷക പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷംതന്നെ കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനി മോണിറ്ററിംഗ് അതോറിറ്റി

ശ്രീ. എസ്. ശർമ്മ: മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനി മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൾട്ടി ലെവൽ മാർക്കറ്റിംഗ് രംഗത്തെ ഉപഭോക്തൃ-തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും നിരീക്ഷണ സംവിധാനം രൂപീകരിക്കുന്നതിനും പൊതുവിതരണ വകുപ്പിലെ ഡയറക്ടർ നോഡൽ ഓഫീസറും ലാ ഓഫീസർ കൺവീനറും ധനകാര്യം, നികുതി, ആഭ്യന്തരം, വ്യവസായം, നിയമം, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്നീ വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാർഗ്ഗരേഖയും നിരീക്ഷണ സംവിധാനവും നിലവിൽ വന്നാൽ മാത്രമേ തൊഴിലാളികളുടെ ക്ഷേമനിധിയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

### (2) പരിസ്ഥിതി കമ്മീഷൻ

ശ്രീ. സി. കെ. ശശീന്ദ്രൻ: വയനാട്ടിൽ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി പരിസ്ഥിതി കമ്മീഷനെ

നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): വയനാട് നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പലതും മനുഷ്യനിർമ്മിതമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനും പാരിസ്ഥിതിക പരിപാലനത്തിനും ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കാർബൺ ന്യൂട്രൽ വയനാട് പ്രോജക്ട് ആരംഭിക്കുകയും ഹരിതകേരളം മിഷന്റെ പ്രവർത്തനം ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക സർവ്വകലാശാല ഇതുസംബന്ധിച്ച് ചില പഠനങ്ങൾ നടത്തിവരുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസിനും ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകളും പഠനങ്ങളും നടത്താൻ കഴിയും.

(3) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): പാലക്കാട് പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചപ്പോൾ സംസ്ഥാനത്തിന്റെയും തൊഴിലാളികളുടെയും വ്യവസായ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ സ്ഥാപനം കേരള സർക്കാർ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ചെയ്തു. റിയാബ് നൽകിയ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ ആധാരമാക്കി സമർപ്പിച്ച ആസ്തി ബാധ്യതാ റിപ്പോർട്ടും നിയമോപദേശവും വിലയിരുത്തി ബാധ്യതകൾ ഒഴിവാക്കി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കാമെന്ന സമിതി നിർദ്ദേശം കേന്ദ്ര സർക്കാരിന് സ്വീകാര്യമായില്ല. 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കിൽ ആസ്തിയിലെ കുറവും ബാധ്യതയിലെ വർദ്ധനവും ഉൾപ്പെടുത്താമെന്നും ശമ്പളപരിഷ്കരണത്തിലൂടെ ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ തീർപ്പിന് വിധേയമായി മാത്രമേ അനുവദിക്കുകയുള്ളൂ എന്ന നിലപാടാണ് കമ്പനി സ്വീകരിച്ചിരിക്കുന്നത്. പുതുക്കിയ ആസ്തി ബാധ്യതാ റിപ്പോർട്ട് ലഭിച്ചാലുടൻ ഉന്നതാധികാര സമിതി യോഗം ചേർന്ന് സ്ഥാപനം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) ആനന്ദപ്പള്ളി മരമടി

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ ആനന്ദപ്പള്ളി മരമടി മഹോത്സവം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരളത്തിൽ നിലനിന്നിരുന്ന മരമടി, കാളപ്പൂട്ട് തുടങ്ങിയ പരമ്പരാഗത കായിക ഇനങ്ങൾക്ക് സുപ്രീംകോടതിയുടെ വിലക്ക് ഉള്ളതിനാൽ അനുമതി നൽകാൻ സാധിക്കുകയില്ല. ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും കർശന ഉപാധികളോടെയും ഇത്തരം മത്സരങ്ങൾ നടത്താൻ സാധിക്കുമോയെന്ന കാര്യം പ്രത്യേകം പരിശോധിക്കാം.

(5) ഭൂമി പോക്കുവരവ്

ശ്രീ. പി. സി. ജോർജ്: കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിലെ കൈമാറ്റം ചെയ്യപ്പെട്ട ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടംഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമില്ല. കാഞ്ഞിരപ്പള്ളി താലൂക്കിൽ തോട്ടംഭൂമി വാങ്ങിയവരുടെ കാര്യം പരിശോധിച്ച് നിയമ നടപടി സ്വീകരിക്കുകയും റീസർവ്വേ നടപടികളിലെ

അപാകതകൾ വിശദമായി പരിശോധിക്കുന്നതുമാണ്.

(6) ക്ഷേമനിധി ഏകീകരണം

ശ്രീ. കെ. ബാബു: മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധികൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തുന്നതിനുള്ള ബിൽ പാസ്സാക്കുന്നതോടുകൂടി ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി ഏകീകരിക്കപ്പെടുന്നതാണ്. തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് വ്യക്തത വരുത്തുന്നതാണ്.

(7) ദേശീയ പതാക ഉയർത്തിയത് സംബന്ധിച്ച്

ശ്രീ. ഒ. രാജഗോപാൽ: പാലക്കാട് കർണ്ണകിയമ്മൻ സ്കൂളിൽ ആർ.എസ്.എസ്. നേതാവ് ദേശീയ പതാക ഉയർത്തിയതുമായി ബന്ധപ്പെട്ട വിവേചനപരമായ നിലപാട് തിരുത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ സ്കൂളുകൾക്കും നൽകിയിരുന്നു.

കർണ്ണകിയമ്മൻ സ്കൂളിൽ ആർ.എസ്.എസ്. നേതാവാണ് പതാക ഉയർത്തുന്നതെന്ന് 14-08-2017-ൽ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഫോൺ മുഖേനയും ജില്ലാ കളക്ടർ കത്തുമുഖേനയും സർക്കുലർ നിർദ്ദേശം നടപ്പിലാക്കണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട്.

(2) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട്.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 5 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ.

(4) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 7 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ.

## VII നിയമനിർമ്മാണകാര്യം

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. മുഹമ്മദ് മുഹസിൻ .പി: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിനാണ് ട്രൈബ്യൂണലിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത്. നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ പരീക്ഷ നടത്തുന്നതിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലും കാലതാമസം നേരിടുന്നുണ്ട്. പി.എസ്.സി. പരീക്ഷാ സിലബസ് കൃത്യമായി മോണിറ്റർ ചെയ്യാനും പരാതികൾ സമയബന്ധിതമായി തീർപ്പാക്കാനും ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണം. ശാരീരിക വൈകല്യമുള്ളവരുടെ നിയമനം വൈകിപ്പിക്കുന്നത് ഗൗരവമായെടുക്കണം. പബ്ലിക് സർവ്വീസ് കമ്മീഷനും ട്രൈബ്യൂണലും തമ്മിൽ കൂടിയാലോചിക്കുന്ന ഒരു സംഗതി സംബന്ധിച്ച് സർക്കാർ തീരുമാനം അന്തിമമായിരിക്കുമെന്നും ഒരു നിശ്ചിത കാലയളവിനുള്ളിൽ തീരുമാനമെടുക്കേണ്ടതാണെന്നും ബില്ലിൽ കൂട്ടിച്ചേർക്കുന്നത് ഉചിതമായിരിക്കും.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഴിമതിരഹിതവും സംശുദ്ധവും കാര്യക്ഷമവുമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമെന്ന സർക്കാരിന്റെ ഇച്ഛാശക്തി ശ്ലാഘനീയമാണ്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുവഴി സിവിൽ സർവ്വീസ് രംഗം

കാര്യക്ഷമമാകുമെന്നത് നിസ്തർക്കമാണ്.

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

161. ഖണ്ഡം 3(2)(ബി)-ൽ "തത്വങ്ങളിന്മേലും" എന്നത് "തത്ത്വങ്ങളിലും" എന്ന് മാറ്റുക.

178. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംഗതികൾ" എന്നതിനു പകരം "കാര്യങ്ങൾ" എന്നു ചേർക്കുക.

മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

മുഖ്യമന്ത്രി 204-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെയും മറ്റ് ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായും അവതരിപ്പിച്ചു.

204. ഖണ്ഡം 4(3)-ൽ "തുടർച്ചയായി" എന്നത് "തുടർച്ചയായ" എന്ന് മാറ്റുക.

210. ഖണ്ഡം 4(3)-ൽ "ചെയ്ത" എന്നത് "ചെയ്തിട്ടുള്ള" എന്ന് മാറ്റുക.

213. ഖണ്ഡം 4(3)-ൽ "ഭംഗംവരാത്ത" എന്നത് "ഭംഗം വരാത്ത" എന്ന് മാറ്റുക.

മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

219. ഖണ്ഡം 5(2)-ൽ "ഈ വകുപ്പിൻ കീഴിൽ" എന്നതിനു പകരം "(1)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

മുഖ്യമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന സമീപനമാണ് ഇടതുപക്ഷ സർക്കാരുകൾ എന്നും സ്വീകരിച്ചിട്ടുള്ളത്. അബ്കാരി ഷോപ്പുകളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതുവഴി ഏകീകൃത അബ്കാരി നയം നടപ്പാക്കാൻ തടസ്സം നേരിട്ടിരിക്കുകയാണ്. സമഗ്രമായ നിയമം നിലവിലിരിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകൂടി അധികാരം നൽകുന്നത് ഇരട്ട നിയന്ത്രണമുണ്ടാകുന്നതിനും പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതിനും കാരണമായിരിക്കുകയാണ്. മദ്യവർജ്ജനമാണ് സർക്കാരിന്റെ നയം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യഷാപ്പുകളുടെ എണ്ണം കൂടിയെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. എൽ.ഡി.എഫ്. സർക്കാർ ഒഴിവാക്കിയ ക്ലോസുകൾ 2013-ൽ യു.ഡി.എഫ്. സർക്കാരാണ് വീണ്ടും

കൂട്ടിച്ചേർത്തത്. പ്രാബല്യ തീയതിയുമായി ബന്ധപ്പെട്ട് ഒരു പഞ്ചായത്തിൽ തന്നെ രണ്ടു തരത്തിലുള്ള നിലപാട് സ്വീകരിക്കേണ്ടി വരുന്നതും സംസ്ഥാനത്ത് എകീകൃത സ്വഭാവം നഷ്ടപ്പെടുന്നതുമായ സാഹചര്യത്തിലാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കലാണ് എന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. അബ്കാരി ആക്ടിൽ കൃത്യമായ വ്യവസ്ഥകളുള്ളതിനാൽ ഉപവകുപ്പുകൾ ഒഴിവാക്കുന്നതുകൊണ്ട് യാതൊരു പ്രശ്നവുമുണ്ടാകുന്നില്ല. അബ്കാരി ഷോപ്പുകൾ അടച്ചുപൂട്ടുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം ഫോറിൻ ലിക്വർ ചട്ടം (24) പ്രകാരം ലൈസൻസിംഗ് അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ഒരു സ്ഥാപനത്തിന് രണ്ടുനിയമം ബാധകമാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നത്. ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2 -ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും

( ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

2 -ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 -ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017- ലെ കേരള മുനിസിപ്പാലിറ്റി

(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ആന്റണി ജോണിനുവേണ്ടി (ശ്രീ. കെ. ദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അടച്ചുപൂട്ടിയ മദ്യശാലകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ദേശീയപാതയുടെയും സംസ്ഥാന പാതയുടെയും സമീപത്തുനിന്ന് അര കിലോമീറ്റർ ദൂരപരിധിയിൽ ഷാപ്പ് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓണക്കാലത്തിനുമുമ്പുതന്നെ എല്ലാ റെയ്ഞ്ചുകളിലും അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് പരിശോധന ഊർജ്ജിതമാക്കി വ്യാജ മദ്യത്തിന്റെ ഒഴുക്ക് തടയുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതോടൊപ്പം അതിർത്തികളിൽ എക്സൈസിന്റെ പരിശോധന കൂടുതൽ ശക്തമാക്കുകയും ചെയ്യണം. കാലോചിതമായ മാറ്റങ്ങളോടുകൂടി സമഗ്രമായ അബ്കാരി നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-

ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മദ്യശാലകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തുന്നതാണ്. വ്യാജ മദ്യം തടയുന്നതിന് ശക്തമായ നിലപാടാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നത്. അബ്കാരി നിയമം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതാണ്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ഏകീകൃത നിയമം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നത്. ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 -ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും

( ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

2 -ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 -ഉം 3-ഉം വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2017- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX അറിയിപ്പ്

മി. സ്പീക്കർ: Climate change and Disaster risk reduction എന്ന വിഷയം സംബന്ധിച്ച ഓറിയന്റേഷൻ പ്രോഗ്രാം ഇന്ന് വൈകുന്നേരം 6.00

മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നടത്തുന്നതും രാത്രി 8.30-ന് തിരുവനന്തപുരം കൈരളി തിയേറ്ററിൽ സാമാജികർക്കായി 'ക്ലിന്റ്' എന്ന ചലച്ചിത്രത്തിന്റെ പ്രത്യേക പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

സഭ രാവിലെ 11. 47- ന് പിരിഞ്ഞു.

*******